# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6107**

**02.04.2018-ൽ മറുപടിയ്ക്ക്**

## പുനലൂർ പേപ്പർ മില്ലിന്റെ നവീകരണം

| ചോദ്യം<br>ശ്രീമതി പി.അയിഷാ പോറ്റി | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി) |
|---|---|
| എ) പുനലൂർ പേപ്പർമില്ലിന്റെ നവീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | എ) 11.09.2015 ൽ കമ്പനി പുന:പ്രവർത്തനം ആരംഭിക്കുകയും ഏകദേശം ഒരു വർഷത്തോളം പ്രവർത്തനം നടത്തുകയും ചെയ്തിരുന്നു. ഈ കാലയളവിൽ ഏകദേശം 200 ടൺ പേപ്പർ നിർമ്മിക്കുകയും 50 ഓളം തൊഴിലാളികൾ ജോലി ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് 2016 സെപ്റ്റംബർ മാസം മുതൽ കമ്പനി പ്രവർത്തന രഹിതമാവുകയാണ് ചെയ്തിട്ടുള്ളത്. കമ്പനിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി കമ്പനി മാനേജ്മെന്റ് പല ബാങ്കുകളെയും സമീപിച്ചെങ്കിലും വായ്പ ലഭിച്ചിരുന്നില്ല. കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ മെഷിനറികളും പ്രവർത്തന മൂലധനവും ആവശ്യമാണ്. കമ്പനി പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് അംഗീകരിക്കപ്പെട്ട റിവൈവൽ പ്രോജക്ട് റിപ്പോർട്ടിലെ വ്യവസ്ഥകൾ പ്രകാരം യൂണിറ്റ് പുനരുദ്ധാരണം കമ്പനിയുടെ ചുമതലയാണ്. |
| ബി) പേപ്പർ മില്ലിലേക്ക് വൈദ്യുതി ലൈൻ ദീർഘിപ്പിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് അറിയിക്കുമോ;<br><br>സി) പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ച് മില്ലിലേക്ക് വൈദ്യുതി എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | ബി) & സി) പുനലൂർ പേപ്പർ മിൽ അധികാരികൾ ആവശ്യപ്പെട്ടത് അനുസരിച്ച് പേപ്പർ മില്ലിലേക്കുള്ള EHT സർവ്വീസ് കണക്ഷൻ 27.02.2017-ൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നിർത്തിവെയ്ക്കുകയും മീറ്റർ, പേപ്പർമിൽ അധികാരികളെ ഏൽപ്പിച്ചിട്ടുള്ളതുമാണ്. പേപ്പർ മില്ലിനുവേണ്ടിയുള്ള 110KV വൈദ്യുതി ലൈൻ നിലനിർത്തിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിലേക്ക് നല്കാനുള്ള കുടിശ്ശിക തുക അടക്കുകയും, റീ കണക്ഷനുള്ള രേഖകൾ സമർപ്പിക്കുകയും ചെയ്യുന്ന മുറക്ക് പേപ്പർ മില്ലിന് ആവശ്യമായ വൈദ്യുതി കണക്ഷൻ വീണ്ടും ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | പേപ്പർ മില്ലിൽ ഉൽപ്പാദന പ്രക്രിയ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | പേപ്പർ മില്ലിന്റെ പുനരുദ്ധാരണം സംബന്ധിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട വനം, മൃഗസംരക്ഷണ വകുപ്പമന്ത്രിയുംകൂടി പങ്കെടുത്ത ഒരു യോഗം 7.3.2018-ൽ ചേരുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.<br><br>1. പുനലൂർ പേപ്പർ മില്ലിന്റെ പുനരുജ്ജീവനത്തിനായി കെ.എസ്.ഐ.ഡി.സി.യുമായി ബന്ധപ്പെട്ട് പ്രോജക്ട് പ്രൊപ്പോസൽ കമ്പനി സമർപ്പിക്കേണ്ടതും, കമ്പനിയുടെ കൈവശമുള്ള ബാക്കിയുള്ള സ്ഥലത്ത് അനുയോജ്യമായ മറ്റ് പ്രോജക്ടുകൾ തുടങ്ങുന്നതിനുള്ള സാധ്യതകൾ കമ്പനി പരിശോധിക്കേണ്ടതുമാണ്.<br>2. നിലവിലുള്ള മെഷീൻ ഉപയോഗിച്ച് നിർമ്മാണ ചെലവ് കുറച്ചുകൊണ്ട് വിപണനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ കമ്പനി പരിശോധിക്കണം.<br>3. കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനുള്ള മൂലധനം സ്വരൂപിക്കുന്നതിലേക്കായി കമ്പനിയുടെ കൈവശമുള്ള സ്ഥലം ഈടു നല്കി ബാങ്കിൽ നിന്നും ലോൺ ലഭിക്കുന്നതിനായി ബാങ്കുകളുമായി ചർച്ച നടത്തുന്നതിനു ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>4. കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട് വൈദ്യുതി കടിശ്ശികയുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി കമ്പനി കൈക്കൊള്ളണം.<br><br>മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്ന മുറക്ക് കമ്പനിക്ക് പുന:പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ